# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 25, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 326)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി | 3565 മുതൽ 3699 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 3700 മുതൽ 3754 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | 3755 മുതൽ 3829 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 3830 മുതൽ 3890 വരെ |

## വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി നടപടി

3565 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി. എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) വിവിധ തരത്തിലുള്ള എത്ര സബ്സ്റ്റേഷനുകളാണ് ഇതിനുവേണ്ടി സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സബ്സ്റ്റേഷനോടനുബന്ധിച്ചുള്ള ലൈനുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യുടെ കമ്പനിവൽക്കരണം</u>

3566 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ കമ്പനിവത്കരണത്തിനു ശേഷവും നിയമനങ്ങളും മറ്റും നിലവിലുള്ള മാനദണ്ഡം തന്നെയാവുമോ പിൻതുടരുക;

(ബി) കമ്പനിവത്കരണത്തിനു ശേഷവും എസ്.സി/എസ്.റ്റി. സംവരണം പുതുതായി രൂപീകരിക്കുന്ന കമ്പനികളിലും ഉറപ്പുവരുത്തുമോ;

(സി) വൈദ്യുതി ബോർഡിന്റെ കമ്പനിവത്കരണത്തിനു ശേഷം ഇന്നത്തെപ്പോലെ ഭരണനിർവഹണത്തിന് ബോർഡിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള അംഗത്തിനായി സംവരണം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഡി) കമ്പനിവത്കരണത്തിനു ശേഷം വൈദ്യുതി ചാർജ്ജ് നിശ്ചയിക്കുവാൻ റഗുലേറ്ററി കമ്മീഷന് അധികാരം ഉണ്ടാവുമോയെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ഊര്‍ജ്ജ സംരക്ഷണ അവബോധം വളര്‍ത്തുന്നതിന് പദ്ധതി</u>

3567

ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഊര്‍ജ്ജ സംരക്ഷണ അവബോധം വളര്‍ത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) വിദ്യാര്‍ത്ഥികളില്‍ ഊര്‍ജ്ജ സംരക്ഷണത്തിന്റെ ആവശ്യകത പഠിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

### കൂടംകുളം വൈദ്യുതി കേരളത്തിൽ എത്തിക്കുന്ന പ്രസരണ ലൈനിന്റെ നിർമ്മാണം

3568 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം വൈദ്യുതി കേരളത്തിൽ എത്തിക്കുന്ന പ്രസരണ ലൈനിന്റെ നിർമ്മാണ പ്രവർത്തി തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണമെന്തെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രസരണ ലൈൻ നിർമ്മാണത്തിനുള്ള തടസ്സം മാറുന്നില്ലെങ്കിൽ വൈദ്യുതി കേരളത്തിലെത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ബൈതരണിയിൽ വേസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും വൈദ്യുതി</u>

3569 ശ്രീ. ജോസഫ് വാഴക്കൻ
'' ബെന്നി ബെഹനാൻ
'' റ്റി.എൻ. പ്രതാപൻ
'' തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബൈതരണിയിൽ വേസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും അനുവദിച്ച കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതു വഴി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയം ഏതെല്ലാം സർക്കാരുമായി ചേർന്നാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>കേടുവന്ന മീറ്ററുകൾ മാറ്റിവെയ്ക്കുന്നതിന് നടപടി</u>

3570 ശ്രീ. എളമരം കരീം
,, ബി. സത്യൻ
,, എ. പ്രദീപ്കുമാർ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് മീറ്ററുകൾ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേടുവന്ന മീറ്ററുകൾ മാറ്റിവെയ്ക്കുന്നതിന് ആവശ്യമായ മീറ്ററുകൾ ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യങ്ങൾ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കേടായ മീറ്ററുകൾ അടിയന്തരമായി മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി വകുപ്പിന് കീഴിൽ കേടായ മീറ്ററുകൾ മാറ്റുന്നതിന് നടപടി</u>

3571 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന് കീഴിൽ കേടായ മീറ്ററുകൾ മാറ്റുന്നതിന് സെക്ഷൻ ഓഫീസുകളിൽ ആവശ്യത്തിന് മീറ്ററുകൾ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>കാർഷികാവശ്യത്തിന് വൈദ്യുതി</u>

3572 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കാർഷിക വൈദ്യുത കണക്ഷന് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) കാർഷിക വൈദ്യുത കണക്ഷനുകൾ നിലവിലുള്ളിടങ്ങളിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>പുതിയ കണക്ഷനുകൾ</u>

3573 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ എത്ര വൈദ്യുതി കണക്ഷനുകൾക്ക് അപേക്ഷ ലഭ്യമായിട്ടുണ്ട്; എത്ര കണക്ഷനുകൾ കൊടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ വൈദ്യുതി കണക്ഷൻ</u>

3574 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ എത്ര വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ വൈദ്യുതി ഉൽപാദനം</u>

3575 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
,, വി.എസ്. സുനിൽ കുമാർ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ വൈദ്യുതി ഉൽപാദനം എത്ര മെഗാവാട്ടായിരുന്നു; ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്; കൂട്ടിച്ചേർത്ത വൈദ്യുതിയുടെ പദ്ധതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം; ഇവ ഓരോന്നും എന്ന് പൂർത്തിയാക്കാനാകുമെന്നും വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതി</u>

3576 ശ്രീ. ലൂഡി ലൂയിസ്
'' വി. റ്റി. ബൽറാം
'' എ. റ്റി. ജോർജ്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് കെ.എസ്.ഇ.ബി ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>മൊബൈൽ ഫാൾട്ട് റെക്ടിഫയിംഗ് യൂണിറ്റ്</u>

3577 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഫാൾട്ടുകൾ തീർക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന മൊബൈൽ ഫാൾട്ട് റെക്ടിഫയിംഗ് യൂണിറ്റുകൾ നിർത്തലാക്കിയിട്ടുണ്ടോ; ഇതിലേക്ക് ഏർപ്പെടുത്തിയിരുന്ന ഫാൾട്ട് ബുക്കിംഗ് സെന്ററുകൾ ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ ഫാൾട്ട് അറിയിക്കുവാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്; ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മൊബൈൽ യൂണിറ്റുകളുടെ എണ്ണം കൂട്ടുവാൻ നടപടി സ്വീകരിക്കുമോ; സെക്ഷൻ ഓഫീസുകളിൽ വിളിച്ചാൽ ഫോൺ എടുക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>കാലവർഷത്തിൽ ജലസംഭരണികളിൽ ലഭിച്ച മഴയുടെ അളവ്</u>

3578

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ കാലവർഷക്കാലത്ത് ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിൽ എത്ര സെന്റീമീറ്റർ മഴ ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്ര കൂടുതലാണ്;

(സി) നിലവിലെ ജലസംഭരണംകൊണ്ട് സംസ്ഥാനത്ത് എത്ര ദിവസത്തെ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം</u>

3579 ശ്രീ. വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതികളുടെ സ്ഥാപിതശേഷി എത്രയാണ്; വിശദമാക്കുമോ;

(ഡി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**25.06.2013–ലെ മറുപടിക്ക്**

<u>പുതിയ ജലവൈദ്യുത പദ്ധതികൾ</u>

3580 ശ്രീ. ഷാഫി പറമ്പിൽ
'' ഐ. സി. ബാലകൃഷ്ണൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾക്ക് ടെൻഡർ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതികളുടെ വൈദ്യുതി ഉൽപ്പാദനശേഷി എത്രയാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

മഴക്കുറവുമൂലം വൈദ്യുതി ഉൽപാദനത്തിലുണ്ടായ നഷ്ടം

3581 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജല സംഭരണികളിൽ മഴ ലഭിക്കാത്തതു കാരണം 2012–2013 വർഷത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിന് എത്ര ലക്ഷം യൂണിറ്റ് വൈദ്യുതിയാണ്, ഉൽപാദനത്തിൽ കുറവുവന്നത്;

(ബി) ഈ കുറവ് നികത്തുന്നതിന് പുറമെ നിന്ന് എത്ര ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഈ കാലയളവിൽ വാങ്ങി വിതരണം ചെയ്തത്;

(സി) പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുവാൻ വേണ്ടി ഈ ഇനത്തിൽ വൈദ്യുതി ബോർഡിന് എത്ര തുകയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ജലവൈദ്യുത പദ്ധതികൾക്കു പുറമേയുള്ള വൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി</u>

3582 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾക്കു പുറമേയുള്ള സ്രോതസ്സുകളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ഉല്പാദനത്തിൽ പാരമ്പര്യേതര മാർഗ്ഗങ്ങൾ</u>

3583 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദനത്തിൽ പാരമ്പര്യേതര മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതി സംബന്ധിച്ച് സർക്കാർ നടത്തിയ പഠനങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>ആഭ്യന്തര പ്രകൃതിവാതക വിഹിതം</u>

3584 ശ്രീ. എം. എ. ബേബി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എസ്. രാജേന്ദ്രൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആഭ്യന്തര പ്രകൃതിവാതക വിഹിതം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ ;

(സി) സതേൺഗ്യാസ്ഗ്രിഡ് യാഥാർത്ഥ്യമാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>പി. ജി. സി. ഐ. എല്ലിന്റെ ഈസ്റ്റ് കൊച്ചി 400 കെ. വി. സബ് സ്റ്റേഷൻ</u>

3585 ശ്രീ. എസ്. ശർമ്മ
,, എ. എം. ആരിഫ്
,, ബി. ഡി. ദേവസ്സി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. ജി. സി. ഐ. എല്ലിന്റെ ഈസ്റ്റ് കൊച്ചി 400 കെ. വി. സബ് സ്റ്റേഷൻ പൂർത്തിയായിട്ടും അവിടെ നിന്നുളള വൈദ്യുതി ബോർഡിന്റെ പ്രസരണ ലൈനുകൾ പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുളള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ;

(സി) സ്മാർട് സിറ്റിയ്ക്ക് വൈദ്യുതി ബോർഡ് നൽകിയ ഭൂമിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് രടസ്സമുണ്ടോ; ഇത് വൈദ്യുതി വികസനത്തെ തടസ്സപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

3586 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദന രംഗത്ത് പരമ്പരാഗത മാർഗ്ഗങ്ങളെ കൂടുതലായി ആശ്രയിക്കാതെ ഇതര മാർഗ്ഗങ്ങളിലൂടെ ഊർജ്ജോല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുളളത്;

(ബി) സംസ്ഥാനത്ത് കൂടുതൽ സൗര വൈദ്യുത പ്ലാന്റുകൾ സ്ഥാപിച്ചുകൊണ്ട് ഗാർഹിക ഊർജ്ജാവശ്യങ്ങൾ നിവവേറ്റുന്നതിന് ഉതകുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സൗരോർജ്ജ പ്ലാൻറുകളിലൂടെ അധികമായി എത്ര മെഗാവാട്ട് വൈദ്യുതി പ്രതിദിനം ഉല്പാദിപ്പിക്കാൻ സാധിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>പാരമ്പര്യേതര ഊർജ്ജപദ്ധതി</u>

3587 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര വൈദ്യുതി ഉൽപാദനത്തിന് ഈ സർക്കാർ വന്നതിനുശേഷം ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജപദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദനമാണ് ലക്ഷ്യമിടുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികളിലൂടെ ഇതിനകം വൈദ്യുതി ഉൽപാദനം ആരംഭിച്ചിട്ടുണ്ട്; എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മേഖലയിൽ പുതിയതായി ആവിഷ്കരിക്കാൻ പോകുന്ന പദ്ധതികൾ ഏതെല്ലാം; എന്നത്തേയ്ക്ക് ഉൽപാദനം ആരംഭിക്കും; എത്ര യൂണിറ്റ് വൈദ്യുതിയാണ് ലക്ഷ്യമിടുന്നത്?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>എൽ.എൻ.ജി. ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദനം</u>

3588 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എൻ.ജി. ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന എത്ര വൈദ്യുത പദ്ധതികളാണ് നിലവിൽ സംസ്ഥാനത്ത് ഉള്ളത്; ഏതെല്ലാമാണ് ഈ പദ്ധതികൾ; എത്ര യൂണിറ്റ് വൈദ്യുതിയാണ് ഈ പദ്ധതികളിൽ ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ:

(ബി) എൽ.എൻ.ജി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാം; പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്താണ്; എന്നത്തേക്ക് ഉല്പാദനം ആരംഭിക്കും; എത്ര യൂണിറ്റ് വൈദ്യുതിയാണ് ലക്ഷ്യമിടുന്നത്;

(സി) എൽ.എൻ.ജി സുഗമമായി ലഭിക്കുന്ന സാഹചര്യം സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം തടസ്സങ്ങളാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

കാറ്റ്,തിരമാല, ജൈവമാലിന്യം എന്നിവയിൽ നിന്നും വൈദ്യുതി

3589 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റ്, തിരമാല, ജൈവമാലിന്യം എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ നെതർലാന്റ് സർക്കാരിന്റെ സാങ്കേതിക സഹായം സംസ്ഥാനത്തിന് വാഗ്ദാനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ബി) ഇതിനായി നെതർലാന്റിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർ കേരളം സന്ദർശിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ എഗ്രിമെന്റ് തയ്യാറായിട്ടുണ്ടോ;

(ഡി) എന്നത്തേക്ക് പദ്ധതി ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>കടൽക്കാറ്റിൽ നിന്നും വൈദ്യുതി</u>

3590 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽക്കാറ്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി ഏതെല്ലാം തീരങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദമാക്കാമോ;

(ബി) കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുമ്പോൾ നിശ്ചയിച്ചിരിക്കുന്ന യാനപരിധി എത്രയാണ്;

(സി) ഈ പദ്ധതി മത്സ്യബന്ധനത്തൊഴിലാളികളുടെ ഉപജീനവമാർഗ്ഗത്തിന് തടസ്സങ്ങൾ സൃഷ്ടിക്കില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി</u>

3591 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ദേശീയ സൗരോർജ്ജ മിഷന്റെ കീഴീൽ നടപ്പിലാക്കുന്ന പദ്ധതി വഴി എത്ര മെഗാ വാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കാൻ കഴിയുക;

(ബി) പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമം വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>റൂഫ് ടോപ്പ് സോളാർ പദ്ധതി</u>

3592 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റൂഫ് ടോപ്പ് സോളാർ പദ്ധതി വഴി എന്തു തുകയാണ് ചെലവഴിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>സോളാർ റൂഫ് പാനൽ പദ്ധതി</u>

3593 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത സോളാർ റൂഫ് പാനൽ പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഇ.ബി സ്വകാര്യ സംരംഭകരുടെ പങ്കാളിത്തം ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ ഈ പദ്ധതിക്കായി ഏതൊക്കെ ഏജൻസികളും വ്യക്തികളും കമ്പനികളും സർക്കാരിനെ സമീപിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ ഏതൊക്കെ ഏജൻസികൾക്കും വ്യക്തികൾക്കും കമ്പനികൾക്കും പാനലിൽ ഉൾപ്പെടുത്തി അനുമതി നൽകിയെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതിക്കായി സർക്കാർ തയ്യാറാക്കിയ പാനൽ ലഭ്യമാക്കാമോ;

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിനെ സമീപിച്ച ഏതെങ്കിലും കമ്പനികളെക്കുറിച്ച് പരാതികളുയർന്നിരുന്നുവോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സോളാർ റൂഫ് പദ്ധതി</u>

3594 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സോളാർ റൂഫ് പദ്ധതിയ്ക്ക് കേരള സർക്കാർ ഇപ്പോൾ നൽകുന്ന 30% സബ്സിഡിയിൽ നിന്നും 50% സബ്സിഡി നൽകുന്നതിനും, അഞ്ചു വർഷത്തിൽ ഒരിക്കൽ മാറ്റുന്ന സ്റ്റോറേജ് ബാറ്ററിയ്ക്കും ടി സബ്സിഡി അനുവദിച്ച് സോളാർ പദ്ധതി വിപുലമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>വടക്കൻ ജില്ലകളിലെ വോൾട്ടേജ് ക്ഷാമം</u>

3595 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി കെ. കെ. ലതിക
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ വോൾട്ടേജ് ക്ഷാമം നിലനില്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് പ്രസരണ സംവിധാനം ശക്തിപ്പെടുത്താൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(സി) 400 കെ. വി. പവർ ഹൈവേ പരിഗണനയിലുണ്ടോ;

(ഡി) ഇത് എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിൽ കത്താത്ത സ്ട്രീറ്റ് ലൈറ്റുകൾ</u>

3596 ശ്രീ.വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ അവരുടെ പരിധിയിൽ സ്ഥാപിക്കുന്ന സ്ട്രീറ്റ് ലൈറ്റുകൾ പലതും കത്തുന്നില്ലെങ്കിലും എല്ലാ മാസവും എണ്ണം കണക്കാക്കി കറന്റ് ചാർജ് അടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കത്തുന്ന ലൈറ്റുകൾക്ക് മാത്രം ചാർജ് ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി രംഗത്തെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തുന്നതിന്
എം.എല്‍.എ മാര്‍ അധ്യക്ഷന്‍മാരായി യോഗം</u>

3597 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിയോജകമണ്ഡലത്തിലെ വൈദ്യുതി രംഗത്തെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തുന്നതിന് എം. എല്‍. എ.മാര്‍ അധ്യക്ഷന്‍മാരായി യോഗം ഏതെല്ലാം മണ്ഡലത്തില്‍ വിളിച്ചുചേര്‍ത്തിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) പ്രസ്തുത യോഗം എല്ലാ മണ്ഡലങ്ങളിലും വിളിച്ചുചേര്‍ത്തിട്ടില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍, അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ദ്വൈമാസത്തില്‍ ഒരിക്കല്‍ യോഗം വിളിച്ചുചേര്‍ക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥര്‍ക്ക് കര്‍ശന നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗികളുടെ കുടുംബത്തിന് വൈദ്യുതി ചാർജ്ജ് ഇളവ്</u>

3598 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ക്യാൻസർ രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന നിർദ്ധന കുടുംബത്തിലുള്ളവർക്ക് വൈദ്യുതി ചാർജ്ജ് ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

**കാൻസർ രോഗികളുടെ വീടുകളിൽ വൈദ്യുത കണക്ഷൻ ഇളവുകൾ**

3599

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ വീടുകളിൽ വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം ഇളവുകളാണ് നൽകുന്നത്; വിശദമാക്കാമോ;

(ബി) ഇളവുകൾ നൽകുവാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ;

(സി) മറ്റേതെല്ലാം അസുഖങ്ങൾ ബാധിച്ചവർക്ക് ഈ ഇളവ് ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യ്ക്ക് ആവശ്യമുളള സാധനങ്ങളുടെ വിതരണം</u>

3600 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.ക്ക് ആവശ്യമായ കോൺക്രീറ്റ് പോസ്റ്റുകളും ഇരുമ്പ് പോസ്റ്റുകളും നിലവിൽ വിതരണം ചെയ്യുന്ന ഏജൻസി ഏതാണ്; എന്ത് തുകയ്ക്കാണ് ഇവ ഓരോന്നും വിതരണം ചെയ്യുന്നത്; ഇപ്രകാരം വിതരണം ചെയ്ത വകയിൽ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എത്ര കോൺക്രീറ്റ്, ഇരുമ്പ് പോസ്റ്റുകൾ സംസ്ഥാനത്ത് വാങ്ങിയെന്നും ഈ ഇനത്തിൽ ചെലവായ തുക എത്രയാണെന്നും തരംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) 2011-12, 2012-13 വർഷങ്ങളിൽ ശരാശരി എത്ര പോസ്റ്റുകൾ കെ.എസ്.ഇ.ബി.യ്ക്ക് ഉപയോഗത്തിനായി വേണ്ടി വന്നു; വ്യക്തമാക്കുമോ;

(സി) ഇപ്പോൾ കെ.എസ്.ഇ.ബി ഓഫീസുകളിലും വിവിധ റോഡ് പുറമ്പോക്കുകളിലുമായി ഉപയോഗിക്കാതെ കിടക്കുന്ന എത്ര ഇരുമ്പ്, കോൺക്രീറ്റ്, തടി പോസ്റ്റുകളുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) 2013-14 വർഷത്തിൽ എത്ര പുതിയ വിവിധ ഇനം പോസ്റ്റുകൾക്കായി ഓർഡർ നല്കിയിട്ടുണ്ട്; ഇതിൽ എത്രയെണ്ണം കെ.എസ്.ഇ.ബി. ക്ക് ലഭിച്ചിട്ടുണ്ട്; ഇനി എത്രയെണ്ണം ലഭിക്കാനുണ്ട്; വ്യക്തമാക്കുമോ;

(ഇ) 2013-14-ൽ ഇത്തരം പോസ്റ്റുകൾ വാങ്ങാനായി എന്തു തുകയാണ് കെ.എസ്.ഇ.ബി മാറ്റിവച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(എഫ്) ആവശ്യത്തിലധികം പോസ്റ്റുകൾക്ക് ഓർഡർ നൽകി കെ.എസ്.ഇ.ബി.യ്ക്ക് ധനനഷ്ടം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി. കമ്പ്യൂട്ടറൈസേഷൻ

3601 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പൂർണ്ണമായും കമ്പ്യൂട്ടറൈസേഷനാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

വൈദ്യുതി കുടിശ്ശിക സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ

3602 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് കോടതികളിൽ നിലവിലുള്ള വ്യവഹാരങ്ങൾ എത്രയുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവഹാരങ്ങളിൽ കക്ഷികളായിട്ടുളളത് ആരെല്ലാമാണ്; ഈ വ്യവഹാരങ്ങളിൽ സർക്കാർ താൽപര്യം സംരക്ഷിച്ച് കുടിശ്ശിക തുക ഈടാക്കുന്നതിന് നിയമപരമായി സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കാമോ;

(സി) നിലവിലുളള ഓരോ വ്യവഹാരത്തിന്റെയും സ്ഥിതിഗതി വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>വൈദ്യുതി ചാര്‍ജ് കുടിശ്ശിക വരുത്തിയിട്ടുള്ള സര്‍ക്കാര്‍–അര്‍ദ്ധ സര്‍ക്കാര്‍ –പൊതുമേഖലാ– സ്വകാര്യ സ്ഥാപനങ്ങള്‍</u>

3603

ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാര്‍ജ് ഇനത്തില്‍ കുടിശ്ശിക വരുത്തിയിട്ടുള്ള വിവിധ സര്‍ക്കാര്‍–അര്‍ദ്ധ സര്‍ക്കാര്‍ –പൊതുമേഖല–സ്വകാര്യ സ്ഥാപനങ്ങളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ഗ്രൂപ്പ് ഇൻഷുറൻസ് പേഴ്സണൽ ആക്സിഡന്റ് സ്കീം</u>

3604 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ അപകടമേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ നിന്ന് ഗ്രൂപ്പ് ഇൻഷുറൻസ്/പേഴ്സണൽ ആക്സിഡന്റ് സ്കീമിൽ ഇപ്പോൾ ഈടാക്കിവരുന്ന പ്രീമിയം തുക എത്രയാണ്; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രീമിയം തുക 500/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ തുക കുറയ്ക്കുവാൻ തയ്യാറാകുമോ;

(സി) അപകട മേഖലകളിൽ ജോലി ചെയ്യുന്ന വൈദ്യുതി ബോർഡ് തൊഴിലാളികളുടെ ഇൻഷുറൻസ് പ്രീമിയം സർക്കാർ ജീവനക്കാരുടേതിന് തുല്യമായി 200/- രൂപയാക്കി നിജപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

ജില്ലകളിൽ ട്രാൻസ്മിഷൻ സർക്കിൾ ഓഫീസ്

3605 ശ്രീ.കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ക്ക് ട്രാൻസ്മിഷൻ സർക്കിൾ ഓഫീസ് ഇല്ലാത്ത ജില്ലകൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജില്ലകളിൽ സർക്കിൾ ഓഫീസ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ആർ.എ. പി. ഡി. ആർ. പി. പദ്ധതി</u>

3606

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേന്ദ്ര ഗവൺമെന്റ് ആർ. എ. പി. ഡി. ആർ. പി. പദ്ധതി പ്രകാരം കണ്ണൂർ നഗരത്തിൽ 11 കെ. വി. അണ്ടർ ഗ്രൗണ്ട് കേബിൾ, റിങ്ങ് മെയിൻ യൂണിറ്റ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ഒരു സബ് എഞ്ചിനീയറും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന ഒരു പ്രത്യേക വിംഗ് അടിയന്തിരമായി രൂപീകരിച്ച് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ആർ. ജി. ജി. എസ്. വൈ പദ്ധതികൾ</u>

3607 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ. ജി. ജി. എസ്. വൈ പ്രകാരം കരാർ കൊടുത്തിട്ടുള്ള പ്രവൃത്തികൾ പൂർണ്ണമായിട്ടുണ്ടോ;

(ബി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ വൈദ്യുതീകരണം</u>

3608 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര കരകളിൽ വൈദ്യുതീകരണം പൂർത്തിയായെന്ന് മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) എത്ര കരകളിൽ വൈദ്യുതീകരണം പൂർത്തികരിക്കാനുണ്ടെന്ന് മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ എത്ര കരകളിൽ വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവ എത്രയെന്നും കരകളുടെ പേരുകൾ സഹിതം സെക്ഷൻ ഓഫീസ് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ പ്രവർത്തനങ്ങൾ</u>

3609 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചു എന്നും പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>പേരാമ്പ്ര 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം</u>

3610 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അനുമതി നൽകിയതും ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതുമായ എത്ര 33 കെ.വി. സബ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സബ്സ്റ്റേഷൻ പ്രവൃത്തി നീണ്ടു പോകുന്നതിനുള്ള കാരണങ്ങൾ അറിയിക്കുമോ;

(സി) 2012 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് അറിയിച്ചിരുന്ന പേരാമ്പ്ര 33 കെ.വി. സബ്സ്റ്റേഷൻ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി നീണ്ടുപോകുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സബ്സ്റ്റേഷന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകും എന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്കിൽ വൈദ്യുതി സബ് സ്റ്റേഷൻ

3611

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്കിൽ വൈദ്യുതി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കെ.എസ്. ഇ. ബി. യ്ക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ</u>

3612 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം നഗരത്തിൽ തടസ്സരഹിതമായി വൈദ്യുതി ലഭിക്കുന്നതിന് വേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രാരംഭ പ്രവർത്തനം ആരംഭിച്ച ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷന്റെ ഇപ്പോഴത്തെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ഏറനാട് മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം</u>

3613 ശ്രീ. പി.കെ.ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ വിവിധ ആദിവാസി മേഖലകളിൽ ഇപ്പോഴും വൈദ്യുതി എത്തിച്ചേരാത്ത സ്ഥലങ്ങൾ ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥലങ്ങളിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(സി) ഈ മേഖലകളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ചീമേനിയിൽ വൈദ്യുതി ഉല്പാദന നിലയം</u>

3614 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വൈദ്യുതി ഉല്പാദന നിലയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ;

(ബി) ഏത് ഇന്ധനമാണ് ഇവിടെ ഉപയോഗിക്കാൻ പരിഗണിച്ചിരുന്നത്;

(സി) പ്രസ്തുത വൈദ്യുതി ഉല്പാദന നിലയത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>പുത്തൂരിൽ നിന്നും മൈലാട്ടിയിലേക്കുള്ള 220 കെ.വി. ട്രാൻസ്മിഷൻ ലൈൻ</u>

3615 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇടക്കിടെ ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിലേയ്ക്കായി മറ്റ് ജില്ലകളെ അപേക്ഷിച്ച് ബദൽ സംവിധാനങ്ങൾ ഒന്നുമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിലേയ്ക്കായി വകുപ്പിന്റെ പരിഗണനയിലുള്ള പുത്തൂരിൽ നിന്നും മൈലാട്ടിയിലേയ്ക്കുള്ള 220 കെ.വി. ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുവരെയായെന്ന് വിശദമാക്കാമോ;

(സി) ജില്ലയിലേയ്ക്കുള്ള പ്രസ്തുത ബദൽ സംവിധാനം, വകുപ്പിന്റെ പരിഗണനയിലായിട്ട് എത്ര വർഷമായി; ഇത് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത അന്തർസംസ്ഥാന ട്രാൻസ്മിഷൻ ലൈൻ എന്നത്തേയ്ക്ക് യാഥാർത്ഥ്യമാകും എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ വൈദ്യുതി എത്താത്ത ഗ്രാമങ്ങൾ</u>

3616 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ഇതുവരെ വൈദ്യുതി എത്താത്ത എത്ര ഗ്രാമങ്ങൾ ഉണ്ടെന്നും ഇവിടെ വൈദ്യുതി എത്തിക്കാൻ കെ.എസ്.ഇ.ബി സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ വൈദ്യുതി ഭവൻ

3617 ശ്രീ.കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി. യുടെ ഏതൊക്കെ പ്രധാന ഓഫീസുകളാണ് നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്തെ മറ്റ് ജില്ലകളിലെല്ലാം വൈദ്യുതി ഭവൻ ഉണ്ടെന്നിരിക്കെ കാസർഗോഡ് ജില്ലയിൽ മാത്രം ഇത് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലയിൽ കലക്ട്രേറ്റിനടുത്ത് കെ.എസ്.ഇ.ബി.ക്ക് ആവശ്യമായ സ്ഥലം വൈദ്യുതി ഭവൻ നിർമ്മാണത്തിനായി ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വാടക കെട്ടിടങ്ങൾ ഒഴിവാക്കി കാസർഗോഡ് ജില്ലയിൽ വൈദ്യുതി ഭവൻ സ്ഥാപിക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

**കേരള നിയമസഭ**
**25.06.2013–ലെ മറുപടിക്ക്**

<u>ചെറായി സബ്സ്റ്റേഷൻ നിർമ്മാണം</u>

3618 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറായി സബ് സ്റ്റേഷൻ നിർമ്മാണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട കേസിൽ കോടതി നൽകിയിരുന്ന നിർദ്ദേശം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നും, എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിൽ പുതിയ സെക്ഷൻ ആഫീസ്

3619 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം സബ്സ്റ്റേഷന്റെ ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കുമോ; ഇതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ബോധവത്കരണപരിപാടികൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>വാമനപുരം മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനു വേണ്ടിയുള്ള നടപടി</u>

3620

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) എത്ര ട്രാൻസ്ഫോർമറുകൾ ഇക്കാലയളവിൽ സ്ഥാപിച്ചു;

(സി) ഇനി എവിടെയൊക്കെയാണ് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടത്; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ വൈദ്യുത മീറ്ററുകളുടെ ദൗർലഭ്യം</u>

3621

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ മീറ്റർ ലഭ്യതയുടെ കുറവ് നിമിത്തം വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സെക്ഷനുകളിൽ എത്ര മീറ്ററുകളുടെ അഭാവം ഉണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ കേടായ മീറ്ററുകൾ മാറ്റി വയ്ക്കാറുണ്ടോ; ആവശ്യത്തിന് മീറ്ററുകൾ ലഭ്യമാക്കി പ്രശ്നപരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>അങ്കമാലിയിലെ എടലക്കാട് കെ.എസ്.ഇ.ബി കളക്ഷൻ സെന്റർ</u>

3622 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിലെ മുക്കന്നൂർ പഞ്ചായത്തിലെ മലയോര പിന്നോക്ക പ്രദേശമായ എടലക്കാട് നിവാസികൾക്ക് വൈദ്യുത ചാർജ്ജ് അടക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ പ്രദേശത്ത് കെ. എസ്.ഇ.ബി യുടെ ഒരു കളക്ഷൻ സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബിയിൽ പുതിയ ഒഴിവുകൾക്ക് ബോർഡിന്റെ അംഗീകാരം</u>

3623 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബിയിൽ പുതിയ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ് ബോർഡ് യോഗത്തിന്റെ അംഗീകാരം വാങ്ങണമെന്ന ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് എന്നാണ് പ്രാബല്യത്തിൽ വന്നത്;

(സി) പ്രസ്തുത ഉത്തരവിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് റയിൽവേ സ്റ്റേഷന്റെ നിലവാരം</u>

3624 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റയിൽവേ സ്റ്റേഷൻ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

കോഴിക്കോട് റയിൽവേ സ്റ്റേഷന്റെ നിലവാരം

3625 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റയിൽവേ സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനോടനുബന്ധിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത സ്റ്റേഷനിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

ട്രെയിനിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം

3626 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രെയിനുകളിൽ ലഭിക്കുന്ന ഭക്ഷണത്തെ സംബന്ധിച്ച് ഉയർന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തെ സംബന്ധിച്ച് പരാതികൾ റെയിൽവേ മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ജനശതാബ്ദി ട്രെയിനിലെ പഴയ ടോയ്‌ലെറ്റ് മുറിയിൽ തുരുമ്പു പിടിച്ച ഹീറ്ററുകളും ഉപയോഗയോഗ്യമല്ലാത്ത വെള്ളവുമുപയോഗിച്ച് ചായ ഉണ്ടാകുന്നതായി വന്ന പരാതി ബന്ധപ്പെട്ടവരെ അടിയന്തിരമായി അറിയിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ട്രെയിനുകളിൽ ലഭിക്കുന്ന ഭക്ഷണത്തെ സംബന്ധിച്ച് യാത്രക്കാർ ആർക്കാണ് പരാതി നൽകേണ്ടത്; ഇതിനായി ട്രെയിനിൽ വച്ചുതന്നെ പരാതി നൽകാനുള്ള സംവിധാനം ഏർപ്പെടുത്താൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ;

(ഇ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ഭക്ഷണ സംബന്ധമായ പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്തുള്ള ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകാനായുള്ള ശുപാർശ സമർപ്പിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

റെയിൽവേ ബോഗികളുടെ കാലപ്പഴക്കം

3627 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ബോഗികളുടെ കാലപ്പഴക്കം കാരണം യാത്രക്കാർക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 15 വർഷത്തിലധികം പഴക്കമുള്ളവ മാറ്റി പുതിയ ബോഗികൾ അനുവദിക്കുന്നതിന് റെയിൽവേയിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) ബോഗികൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുവാനും, വൃത്തിയാക്കുവാനും, ബോഗികളുടെ പീരിയോഡിക് ഓവർഹോളിംഗിനുമായുള്ള സൗകര്യം സംസ്ഥാനത്ത് ലഭ്യമാക്കുമോ;

(ഡി) ബോഗികളിലെ എലിശല്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ റെയിൽവേ അധികൃതരോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>തീവണ്ടി ബോഗികൾ റിപ്പയർ ചെയ്യുന്നതിന് നടപടി</u>

3628 ശ്രീ. എ. കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷനിൽ ഓടുന്ന തീവണ്ടികളുടെ ബോഗികൾ റിപ്പയർ ചെയ്യുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ബി) സുഗമമായ റെയിൽവേ യാത്രക്കായി തീവണ്ടികളുടെ എത്ര ശതമാനം ബോഗികളാണ് തിരുവനന്തപുരം ഡിവിഷനിൽ കരുതലായി സൂക്ഷിക്കേണ്ടത്; അത്രയും ബോഗികൾ നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) റിപ്പയറിംഗിന് വേണ്ടി തൃശ്ശിനാപ്പള്ളിയിലേയ്ക്ക് കൊണ്ടുപോകുന്ന ബോഗികൾക്ക് പകരമായി ലഭിക്കുന്നത് കാലപ്പഴക്കം ചെന്നതും ദ്രവിച്ചതുമായ ബോഗികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ നടത്തുന്ന തിരിമറികൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം നേടുന്നതിന് എന്തു ശ്രമമാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ട്രെയിനുകളിലെ പാൻട്രിവാനുകളിലെ ശുചിത്വമില്ലായ്മ</u>

3629 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ട്രെയിനുകളിലെ പാൻട്രി വാനുകളിലെ ശുചിത്വമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനശതാബ്ദി എക്സ്പ്രസിലെ പാൻട്രിവാനിൽ ചായ ഉണ്ടാക്കുന്നതിനായി കക്കൂസിലെ പൈപ്പ് പൊട്ടിച്ച് വെള്ളം എടുത്ത് ഉപയോഗിക്കുന്നത് യാത്രക്കാർ കണ്ടുപിടിച്ചത് സംബന്ധിച്ച് വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാൻട്രി വാനിലെ ആവശ്യത്തിനുള്ള വെള്ളം തിളപ്പിക്കുന്നതും കക്കൂസിനകത്താണെന്ന പരാതി യാത്രക്കാർ അറിയിച്ചിട്ടുണ്ടോ ;

(ഡി) ഇക്കാര്യം അടിയന്തരമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ഗുരുവായൂർ - ചെന്നൈ എക്സ്പ്രസ്സിൽ കൂടുതൽ കോച്ചുകൾ</u>

3630 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ - ചെന്നൈ എഗ്മൂർ എക്സ്പ്രസ്സിൽ എത്ര എ. സി. ടു ടയർ എ. സി. ത്രീ ടയർ സ്ലീപ്പർ കംപാർട്ടുമെന്റുകളാണ് ഉള്ളത്;

(ബി) യാത്രക്കാരുടെ സൗകര്യാർത്ഥം കൂടുതൽ എ. സി. കംപാർട്ടുമെന്റുകളും സ്ലീപ്പർ കംപാർട്ടുമെന്റുകളും അനുവദിച്ചു കിട്ടുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>പൊള്ളാച്ചി – പാലക്കാട് ഗേജ് മാറ്റം</u>

3631 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊള്ളാച്ചി – പാലക്കാട് ഗേജ് മാറ്റം പൂർത്തീകരിച്ചിട്ടില്ല എന്നത് അറിയാമോ;

(ബി) ഗേജ് മാറ്റം സംബന്ധിച്ച് പണികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

നഞ്ചൻകോട് - വയനാട് - നിലമ്പൂർ റയിൽപാത

3632 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഞ്ചൻകോട് - വയനാട് - നിലമ്പൂർ റയിൽപാതയുടെ സർവ്വെ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന് റയിൽവേ സാമ്പത്തിക വിഭാഗത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>മാലിന്യങ്ങൾ ഇന്ധനോത്പാദനത്തിന് വിനിയോഗിക്കാൻ സംവിധാനം</u>

3633 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രെയിനുകളിലെ ടോയ്ലെറ്റുകളിലൂടെ പുറന്തള്ളുന്ന മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും പഠന വിധേയമാക്കിയിട്ടുണ്ടോ; പ്രസ്തുത മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും അതുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കുമോ;

(ബി) റെയിൽവേ കക്കൂസ് മാലിന്യം ഇന്ധനോത്പാദനത്തിന് വിനിയോഗിക്കാവുന്ന സംവിധാനം റെയിൽവേ ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>ടി. പി. സെൻകുമാർ കമ്മീഷൻ</u>

3634

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറക്കുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ടി. പി. സെൻകുമാർ അദ്ധ്യക്ഷനായി ഒരു പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപകടങ്ങൾ കുറക്കുവാൻ പുതിയ എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുവാനും വകുപ്പിലെ അംഗസംഖ്യ വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>കഴക്കൂട്ടം –വെഞ്ഞാറമൂട്, കൊട്ടാരക്കര– അടൂർ റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ</u>

3635 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കഴക്കൂട്ടം –വെഞ്ഞാറമൂട്, കൊട്ടാരക്കര– അടൂർ റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചത് പ്രകാശിപ്പിക്കുന്നതിന് ഗതാഗതവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിനെ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള സേഫ് കോറിഡോർ ആയി തെരഞ്ഞെടുത്തതിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത ലൈറ്റുകൾ അടിയന്തരമായി പ്രകാശിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

റോഡ് സേഫ്റ്റി അതോറിറ്റി

3636 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുവാൻ റോഡ് സേഫ്റ്റി അതോറിറ്റി ഏതെല്ലാം റോഡുകളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഈ സാമ്പത്തിക വർഷം ഏതൊക്കെ റോഡുകളിൽ ക്യാമറകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന അറിയിക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>റോഡ് സുരക്ഷാ അതോറിറ്റി</u>

3637 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി എന്നാണ് നിലവിൽ വന്നത്;

(ബി) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(സി) റോഡ് സുരക്ഷാ ഫണ്ടിൽ നിലവിൽ എത്ര രൂപയുണ്ട്;

(ഡി) 01.07.2011 മുതൽ 31.03.2013 വരെ റോഡ് സുരക്ഷാ ഫണ്ടിലേക്ക് എത്ര തുക സെസ് ഇനത്തിലും മറ്റും ലഭ്യമായി;

(ഇ) 01.07.2011 മുതൽ 31.03.2013 വരെ റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് എത്ര തുക ചെലവഴിച്ചു; ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും വിവിധ വകുപ്പുകൾക്ക് 01.07.2011 മുതൽ 31.03.2013 വരെ എത്ര തുക നൽകിയെന്ന് ഓരോന്നും പ്രത്യേകം അറിയിക്കുമോ;

(ജി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പൊതുജനങ്ങൾക്കായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(എച്ച്) 01.07.2006 മുതൽ 31.03.2011 വരെ കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകൾ നിരത്തിലിറക്കി;

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

(ഐ) 01.07.2011 മുതൽ 31.03.2013 വരെ കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകൾ നിരത്തിലിറക്കി;

